**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : T 3928** **21.06.2018 -ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം**

ചോദ്യം
ശ്രീ.കെ.സി.ജോസഫ്
,, എ.പി. അനിൽ കുമാർ
,, അടൂർ പ്രകാശ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | എ) | a. Light and Sound show at Thenmala<br>b. Carrying Capacity Studies in Eco tourism Areas<br>c. Improvement of facilities for visitors- Construction of Cafeteria cum Amenity centre at boat landing, Thekkady<br>d. Expansion of the Eco tourism activities at Silent Valley, Rhodovalley and Meesappulimala in Munnar:<br>e. Promotional Tools for the Eco Adventure Tourism(ICT Tools):<br>f. Development of Tourism Amenities in Eravikulam National Park – In Anticipation of 2018 Kurinji Flowering Phase I<br>g. Promotion of Ecotourism with ICT tools<br>എന്നിവയാണു നിലവിലെ ഇക്കോ ടൂറിസം പദ്ധതികൾ |
| ബി) | ഇക്കോ ടൂറിസം മേഖലയിലെത്തുന്ന സന്ദർശകർ അപകടത്തിൽപെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും സേഫ്റ്റി ആഡിറ്റ് നടത്തുന്നതിനും തദനുസൃതമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) | ആവശ്യമായ മുൻകരുതലുകൾ ഏർപ്പെടുത്തിയാണ് എല്ലാ ഇക്കോടൂറിസം പരിപാടികളും നടപ്പാക്കുന്നത് എങ്കിലും ഇക്കോ ടൂറിസം മേഖലയിലെത്തുന്ന സന്ദർശകർ അപൂർവ്വമായെങ്കിലും അപകടത്തിൽപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും സേഫ്റ്റി ആഡിറ്റ് നടത്തുന്നതിനും തദനുസൃതമായ സുരക്ഷ നടപടികൾ ഏർപ്പെടുത്തുന്നതിനും, ആവശ്യമായ ഇടങ്ങളിൽ കൈവരികൾ, ബാരിക്കേഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| സി) | ഇത്തരം കേന്ദ്രങ്ങളിൽ സന്ദർശകരുടെ ബാഹുല്യം കുറയ്ക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | ഇക്കോടൂറിസം പ്രദേശങ്ങളിൽ നടത്തുന്ന സന്ദർശക ശേഷി പഠനത്തിനു ശേഷം ഓരോ ഇക്കോ ടൂറിസം പ്രദേശത്തും ടി റിപ്പോർട്ടിലെ ശുപാർശയ്ക്കനുസൃതമായി നിയന്ത്രിതമായ അളവിൽ മാത്രം സന്ദർശകരെ കടത്തി വിടുക എന്നതാണ് തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം ഇക്കോടൂറിസം പ്രദേശങ്ങളിൽ നിയോഗിച്ചിട്ടുള്ള ഗൈഡുകൾക്ക് സന്ദർശക സുരക്ഷ കാര്യങ്ങളിൽ ആവശ്യമായ പരിശീലനം നടത്തുന്നതിനും ആവശ്യമുള്ള ഇടങ്ങളിൽ കൂടുതൽ ഗൈഡുകളെ നിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കോടൂറിസം മേഖലയിലെ പരിസ്ഥിതി പ്രാധാന്യം കണക്കിലെടുത്ത് പ്ലാസ്റ്റിക്ക് മുതലായ മാലിന്യങ്ങൾ പൂർണ്ണമായും ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| ഡി) | പ്രസ്തുത ടൂറിസ്റ്റ് സെന്ററുകളിൽ പ്ലാസ്റ്റിക്ക് പൂർണ്ണമായും ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | ഡി | ഇക്കോ ടൂറിസം പ്രദേശങ്ങൾ പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിനായുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേകം ഗൈഡുകളെ നിയോഗിച്ച് സന്ദർശകർ കൊണ്ടുവരുന്ന പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ ഉൾപ്പെടെയുള്ളവ പ്രവേശന കവാടത്തിൽ തന്നെ തടയുകയും ആവശ്യമെങ്കിൽ അവ വനം വകുപ്പിന്റെ കസ്റ്റഡിയിൽ സൂക്ഷിച്ച് സന്ദർശനത്തിനുശേഷം മാത്രം സഞ്ചാരികൾക്ക് തിരികെ നൽകുകയും ചെയ്യുന്നു. കൂടാതെ സന്ദർശകരിൽ പ്ലാസ്റ്റിക്ക് ഉപയോഗം ഒഴിവാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ